# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 10.06.2025**

## പ്രധാനവാർത്തകൾ

1. കോഴിക്കോട് തീരത്തിനു സമീപം തീപിടുത്തമുണ്ടായ ചരക്ക് കപ്പലിലെ തീ അണയ്ക്കാനുള്ള ശ്രമം തുടരുന്നു ; കാണാതായവർക്കായി തിരച്ചിൽ ഊർജിതം ; ജാഗ്രതയിൽ തീരം.

2. ഇന്ത്യക്കാരനായ ശുഭാൻശു ശുക്ല ഉൾപ്പെടെ നാല് യാത്രികരെ ബഹിരാകാശത്ത് എത്തിക്കുന്ന ആക്സിയം-4 ദൗത്യത്തിൻറെ വിക്ഷേപണം നാളെ .

3. നിലമ്പൂരിൽ തിരഞ്ഞെടുപ്പ് പ്രചാരണം ശക്തമാക്കി മുന്നണികൾ ; സ്ഥാനാർത്ഥികൾക്കായി മുതിർന്ന നേതാക്കൾ ഉൾപ്പെടെ രംഗത്ത്.

4. സംസ്ഥാനത്ത് 52 ദിവസം നീളുന്ന ട്രോളിങ് നിരോധനം നിലവിൽവന്നു.

5. സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ് ; ഇന്ന് അഞ്ച് ജില്ലകളിൽ മഞ്ഞ ജാഗ്രത

****************************

RNUTVPM

## പ്രധാനമന്ത്രി - 11 വർഷം

കഴിഞ്ഞ 11 വർഷത്തിനിടെ പ്രതിരോധ മേഖലയിൽ രാജ്യം മികച്ച പുരോഗതി കൈവരിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രതിരോധ ഉപകരണങ്ങളുടെ നിർമ്മാണത്തിൽ സ്വയംപര്യാപ്തത നേടാനും ആധുനികവല്ക്കരിക്കാനുമാണ് ഈ കാലയളവിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

*****************************

## കപ്പൽ അപകടം

കേരളത്തിലെ അഴീക്കലിൽ നിന്ന് 44 നോട്ടിക്കൽ മൈൽ അകലെ തീപിടുത്തമുണ്ടായ വാൻഹായി-503 കപ്പലിലെ രക്ഷാപ്രവർത്തനം തുടരുന്നതായി തീര സംരക്ഷണ സേന അധികൃതർ. തീ അണയ്ക്കാനും മലിനീകരണ നിയന്ത്രണത്തിനുമായി ഒരു വെസൽ കോഴിക്കോട് നിന്നും പുറപ്പെട്ടിട്ടുണ്ട്. നിലവിൽ കപ്പലിലുണ്ടായിരുന്ന 18 പേരെ മംഗലാപുരം തീരം വഴി പുറത്തെത്തിച്ചു. നാല് പേരെ കാണാതായിട്ടുണ്ട്. ഇവർക്കായി തിരച്ചിൽ പുരോഗമിക്കുകയാണ്. തീരത്തെത്തിച്ച 5 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 2 പേരുടെ പരുക്ക് ഗുരുതരമാണ്. കൊളംബോയിൽ നിന്ന് മുബൈയിലേക്ക് പോകുകയായിരുന്നു സിംഗപ്പൂർ ചരക്ക് കപ്പൽ. സമീപ തീര പ്രദേശങ്ങളിൽ കർശന ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

*****************************

## അരുൺ കുമാർ പി (ഇൻട്രോ)

കപ്പലിലെ തീ നിയന്ത്രണ വിധേയമായിട്ടില്ലെന്നും കമ്പനിയുടെ ഒരു സംഘം ഇന്ന് എത്തുമെന്നും അഴീക്കൽ പോർട്ട് ഓഫീസർ

RNU TVPM

അരുൺ കുമാർ പി മാധ്യമങ്ങളോട് പറഞ്ഞു. കടലിൽ വീണ കണ്ടെയ്നറുകൾ തൃശൂർ, എറണാകുളം ജില്ലയുടെ തീരങ്ങളിൽ അടിയാൻ സാധ്യതയുണ്ട്. രക്ഷാപ്രവർത്തനങ്ങൾ അവലോകനം ചെയ്യാൻ ഇന്ന് വിവിധ ടീമുകളുടെ സംയുക്ത യോഗം ചേരുമെന്നും പോർട്ട് ഓഫീസർ അറിയിച്ചു.

( വോയ്സ്)

****************************

## അതുൽ പിള്ള (ഇൻട്രോ)

തീ അണയ്ക്കുന്നതിനും കാണാതായവരെ കണ്ടെത്തുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നതായി ഡിഫൻസ് പിആർഒ അതുൽ എസ് പിള്ള. സ്ഥിതിഗതികൾ സംബന്ധിച്ച് വ്യോമ നിരീക്ഷണം നടത്തുന്നതായും സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

(വോയ്സ്)

RNU TVPM

****************************

## ആക്സിയം-4 വിക്ഷേപണം

ഇന്ന് നടക്കാനിരുന്ന ആക്സിയം-4 വിക്ഷേപണം മോശം കാലാവസ്ഥ മൂലം ഒരു ദിവസത്തേക്ക് കൂടി നീട്ടിവച്ചു. നാളെ വൈകുന്നേരം 5.30-ന് വിക്ഷേപണം നടത്താനാണ് ലക്ഷ്യമിടുന്നതെന്ന് ഐഎസ്ആർഒ ചെയർമാൻ വി നാരായണൻ സമൂഹമാധ്യമ പോസ്റ്റിലൂടെ വ്യക്തമാക്കി. ഇന്ത്യക്കാരനായ ശുഭാൻശു ശുക്ല ഉൾപ്പെടെ നാല് ബഹിരാകാശയാത്രികരാണ് 14 ദിവസത്തെ ദൗത്യത്തിനായി പുറപ്പെടുന്നത്. ഇന്ത്യയ്ക്ക് പുറമെ യു.എസ്, പോളണ്ട്, ഹംഗറി എന്നിവിടങ്ങളിൽ നിന്നുള്ള നാല് ബഹിരാകാശ യാത്രി

കരും ദൗത്യത്തിലുണ്ട്. ദൗത്യത്തിന്റെ ഭാഗമാകാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ടെന്ന് ശുഭാൻശു ശുക്ല പറഞ്ഞു.

***************************

## നിലമ്പൂർ-പ്രചാരണം

നിലമ്പൂരിൽ തിരഞ്ഞെടുപ്പ് പ്രചാരണം ശക്തമാക്കി മുന്നണികൾ. സ്ഥാനാർത്ഥികൾക്കായി നേതാക്കളുടെ വൻനിരയാണ് നിലമ്പൂർ മണ്ഡലത്തിൽ ഉള്ളത്. പി രാജീവ്, വി ശിവൻകുട്ടി, വി എൻ വാസവൻ, ആർ ബിന്ദു, പി പ്രസാദ് തുടങ്ങി പത്തോളം മന്ത്രിമാരാണ് എൽഡിഎഫ് സ്ഥാനാർത്ഥി എം സ്വരാജിനായി പ്രചരണ രംഗത്തുള്ളത്. പ്രതിപക്ഷനേതാവ് വി ഡി സതീശൻ, കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ്, യുഡിഎഫ് കൺവീനർ അടൂർ പ്രകാശ്, പ്രതിപക്ഷ ഉപനേതാവ് പി കെ കുഞ്ഞാലിക്കുട്ടി തുടങ്ങിയ മുതിർന്ന നേതാക്കളെ രംഗത്തിറക്കിയാണ് യുഡിഎഫിന്റെ പ്രചാരണം. ബിജെപി മുൻ സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ, ഉൾപ്പടെയുള്ള സംസ്ഥാന നേതാക്കളെ അണിനിരത്തി ബിജെപിയും പ്രചാരണം ശക്തമാക്കുന്നുണ്ട്.

RNU TVPM

***************************

## കോയിപ്രം-കസ്റ്റഡി മർദ്ദന കേസ്

പത്തനംതിട്ട കോയിപ്രം കസ്റ്റഡി മർദ്ദന കേസിന്റെ അന്വേഷണം ക്രൈം ബ്രാഞ്ചിന് വിട്ടു. കേസിന്റെ ഗൗരവം പരിഗണിച്ചാണ് തീരുമാനം. കഞ്ചാവ് ബീഡി വലിച്ചതിന് പോലീസ് കസ്റ്റഡിയിൽ എടുത്ത് വിട്ടയച്ച വരയന്നൂർ സ്വദേശി സുരേഷിനെ ദുരൂഹ സാഹചര്യത്തിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. സംഭവത്തിൽ കോയിപ്രം എസ്എച്ച്ഒ ജി. സുരേഷ് കുമാറിനെ സസ്പെൻഡ് ചെയ്തിരുന്നു.

***************************

## ട്രോളിങ്ങ് നിരോധനം

സംസ്ഥാനത്ത് ട്രോളിങ്ങ് നിരോധനം നിലവിൽവന്നു. ട്രോളിങ് ബോട്ടുകൾ കടലിൽ പോകുന്നത് തടയുന്നതിനായി കൊല്ലം നീണ്ടകരപ്പാലത്തിന്റെ തൂണുകളിൽ ഫിഷറീസ് അധികൃതർ ചങ്ങല ബന്ധിച്ചു. ജൂലൈ 31 അർദ്ധരാത്രി വരെ 52 ദിവസം നീളുന്ന ട്രോളിങ് നിരോധനത്തിനാണ് തുടക്കമായത്. മത്സ്യങ്ങളുടെ പ്രജനനകാലമായ മൺസൂൺ സമയത്ത് ഈ കാലയളവിൽ 20 നോട്ടിക്കൽമൈൽ ദൂരംവരെ മത്സ്യബന്ധനത്തിന് അനുമതിയുണ്ട്.ട്രോളിംഗ് നിരോധനം മത്സ്യത്തൊഴിലാളികൾക്കും അനുബന്ധമേഖലയിൽ പണിയെടുക്കുന്നവർക്കും വറുതിയുടെ കാലമാണ്. സമ്പാദ്യ സമാശ്വാസപദ്ധതി ഗഡു, സൗജന്യ റേഷൻ എന്നിവ മത്സ്യത്തൊഴിലാളികൾക്ക് ഈ കാലയളവിൽ വിതരണം ചെയ്യും.

****************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

****************************

## കടുവ പാലക്കാട്

പാലക്കാട് മംഗലം ഡാം മേഖലയിൽ കടുവയെ കണ്ടതായി ടാപ്പിംഗ്തൊഴിലാളികൾ അറിയിച്ചതിനെ തുടർന്ന് വനം വകുപ്പ് തിരച്ചിൽ ആരംഭിച്ചു. പ്രദേശത്ത് ക്യാമറകൾ സ്ഥാപിക്കും. അതേസമയം രണ്ടാം പുഴ,വെറ്റിലത്തോട് ഭാഗത്ത് കടുവയുടെ കാൽപാടുകൾ കണ്ടെത്തിയതായി സ്ഥിരീകരിച്ചിട്ടുണ്ട്.

****************************

RNU TVPM

## ഡിസ്പെൻസറികൾ-ഇടുക്കി.. (ഇൻട്രോ)

ഇടുക്കി ജില്ലയിൽ ഏഴ് ആയുഷ് സ്ഥാപനങ്ങൾക്കു കൂടി നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആൻഡ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് അംഗീകാരം ലഭിച്ചു. ഇതോടെ ജില്ലയിൽ ആകെ 18 ഡിസ്പെൻസറികൾക്ക് എൻ.എ.ബി.എച്ച് അംഗീകാരമായി. **വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.......**

(വോയ്സ്)

****************************

## ധനമന്ത്രി

തിരുവനന്തപുരം കരമന–കളിയിക്കാവിള ദേശീയപാതയിൽ കൊടിനട മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തെ വികസനത്തിൻറെ ഭൂമി ഏറ്റെടുക്കലിന് നഷ്ടപരിഹാരം നൽകാൻ 102.4 കോടി രുപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. നേരത്തെ 97.6 കോടി രൂപ അനുവദിച്ചിരുന്നു. കൊടിനട മുതൽ വഴിമുക്ക് വരെ ഒന്നര കിലോമീറ്റർ റോഡിൻറെ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാര വിതരണത്തിനാണ് തുക വിനിയോഗിക്കുന്നത്.

PNUTVPM

****************************

## കാലാവസ്ഥ

സംസ്ഥാനത്ത് വ്യാഴാഴ്ച മുതൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. വിവിധ ജില്ലകളിൽ ഇന്നും നാളെയും ഒറ്റപ്പെട്ട ശക്തമായ മഴ തുടരും. ഇന്ന് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം , എറണാകുളം, തൃശൂർ ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള-കർണാടക-

ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് മറ്റന്നാൾ മുതൽ മത്സ്യബന്ധനത്തിന് പോകുന്നതിന് വിലക്കേർപ്പെടുത്തി.

****************************

## ഗപ്പി മീൻ-വയനാട്.. (ഇൻട്രോ)

കൊതുക് നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി, ഗപ്പി വളർത്തലുമായി വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തും വരദൂർ കുടുംബാരോഗ്യ കേന്ദ്രവും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്.......**

(വോയ്സ്)

****************************

## ആശാസമരം-പത്തനംതിട്ട

ആശാ സമരയാത്രയുടെ പത്തനംതിട്ട ജില്ലാ പര്യടനം തുടരുന്നു. ഇന്നലെ ജില്ലയിലെത്തിയ ആശമാർക്ക് വൻ വരവേൽപ്പാണ് ലഭിച്ചത്. ഇന്ന് കോന്നി,കൊടുമൺ, പന്തളം,അടൂർ എന്നിവിടങ്ങളിൽ പര്യടനം നടത്തും. ജില്ലാതല സമാപനം ഇന്ന് വൈകുന്നേരം അടൂരിൽ നടക്കും.

****************************

## ജോർജ് കുര്യൻ

രണ്ടു ദിവസത്തെ ലക്ഷദ്വീപ് സന്ദർശനത്തിനായി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ കവരത്തി ദ്വീപിൽ എത്തിച്ചേർന്നു. ലക്ഷദ്വീപ് കൃഷി വിഗ്യാൻ കേന്ദ്രയുടെ കീഴിൽ ദ്വീപുകളിൽ പുരോഗമിക്കുന്ന വികസിത് കൃഷി സങ്കൽപ്പ് അഭ്യാൻറെ പ്രവർത്തനങ്ങൾ അദ്ദേഹം വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യും.

RNU TVPM

******************************

## വികസിത് കൃഷി-കോഴിക്കോട്

വികസിത് കൃഷി സങ്കല്പ് അഭിയാൻ യാത്ര ഇന്ന് കോഴിക്കോട് ജില്ലയിലെ മേലടി ബ്ലോക്കിൽ പര്യടനം നടത്തുന്നു. ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനവും, കൃഷി വിജ്ഞാന കേന്ദ്രവും കൃഷി വകുപ്പും സംയുക്തമായി സംഘടിപ്പിച്ച കാമ്പയിന്റെ ഭാഗമായി മറ്റന്നാൾ വരെ ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘം കർഷകരെ നേരിൽ കണ്ട് സംവദിക്കും.

******************************

## ഓഹരി, സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 56 പോയിൻറ് നേട്ടത്തിൽ 82,501 ലും നിഫ്റ്റി 32 പോയിൻറ് നേട്ടത്തിൽ 25,134 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണവില കുറഞ്ഞു. ഗ്രാമിന് 10 രൂപ കുറഞ്ഞ് 8,945 രൂപയും പവന് 71,560 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

******************************

## എം എസ് ധോണി

ഐ.സി.സി ഹാൾ ഓഫ് ഫെയിമിൽ ഉൾപ്പെട്ട് ഇന്ത്യൻ ക്രിക്കറ്റ് ടീം മുൻ ക്യാപ്റ്റൻ എം എസ് ധോണി. ഓസ്ട്രേലിയയുടെ മാത്യു ഹെയ്ഡൻ, ദക്ഷിണാഫ്രിക്കയുടെ ഹാഷിം അംല എന്നിവരുൾപ്പെടെ ഈ വർഷം ആദരിക്കപ്പെടുന്ന ഏഴ് ക്രിക്കറ്റ് താരങ്ങളിൽ ഒരാളാണ് എം എസ് ധോണി എന്ന് രാജ്യാന്തര ക്രിക്കറ്റ് കൗൺസിൽ അറിയിച്ചു. ഇന്ത്യയ്ക്കായി 538 രാജ്യാന്തര മത്സരങ്ങൾ കളിച്ച ധോണി 17,266 റൺസ് നേടിയിട്ടുണ്ട്.

****************************************************************************************************